**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **12-02-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പാലക്കാട് ജില്ലയിൽ ആശ്രിത നിയമനം വഴി ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്യുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ആശ്രിത നിയമനം നൽകിയവരുടെ എണ്ണവും സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണവും ജില്ല തിരിച്ച് ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | ആശ്രിത നിയമനത്തിനായി സർക്കാരിലേക്ക് നിലവിൽ എത്ര അപേക്ഷകളാണ് പാലക്കാട് ജില്ലയിൽ നിന്നും സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്യുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ആശ്രിത നിയമനം നൽകിയവരുടെ എണ്ണവും സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണവും ജില്ല തിരിച്ച് ക്രോഡീകരിച്ചിട്ടില്ല. |
| (സി) | ഏതൊക്കെ നിയമങ്ങളെ അടിസ്ഥാനമാക്കിയാണ് ആശ്രിത നിയമനത്തിനുള്ള അർഹത നിർണ്ണയിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | 24.05.1999 ലെ G.O.(P)No.12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്. മരണപ്പെടുന്ന ജീവനക്കാരൻറെ ആശ്രിതരിലൊരാൾക്കാണ് നിയമനത്തിന് അർഹത. സാമുദായിക പരിഗണന ബാധകമല്ല. |
| (ഡി) | ഈ നിയമനങ്ങൾ എസ്. സി., എസ്. റ്റി., ഒ. ബി. സി., മറ്റ് ഇതര വിഭാഗങ്ങൾ എന്നിവർക്കെല്ലാം ഒരു പോലെ ബാധകമാണോ; എങ്കിൽ വിശദമാക്കാമോ; ബാധകമല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ? | (ഡി) | 24.05.1999 ലെ G.O.(P)No.12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്. മരണപ്പെടുന്ന ജീവനക്കാരൻറെ ആശ്രിതരിലൊരാൾക്കാണ് നിയമനത്തിന് അർഹത. സാമുദായിക പരിഗണന ബാധകമല്ല. |

സെക്ഷൻ ഓഫീസർ